Vol. 03
Issue No. 8
AUGUST 2015

# PARISH BULLETIN

## ST. THOMAS ORTHODOX CATHEDRAL - DUBAI



for private circulation only

P.O. Box : 2563, Dubai - UAE Tel : 04-337 1122, Fax : 04-335 2252 Email : stthomas@emirates.net.ae
www.stthomascathedraldubai.org



**Fr. Lany Chacko**
Asst. Vicar

The holy Transfiguration of our Lord and Go d and Savior Jesus Christ is commemorated in the Orthodox Church with great solemnity on August 6th as one of the major fixed Feast days of the year. The Transfiguration, as an event in the earthly life of Christ and His three disciples, who were with Him on Mount Tabor when He was transfigured, is described in the three Gospels of Matthew (17: 1-9), Mark (9:2-10) and Luke 9:2 8- 3 6). It is also mentioned in 2 Peter (1: 10-19), and alluded to indirectly in many other passages of the New Testament (e.g. R o m.12:1-2; Philip.3:2-31; 2 C or.3:7-18; Jn.I:14; 12:2 7-30; Acts 9:3f. etc.). The extra ordinary event of the Transfiguration of Christ and its solemn and joyful celebration in the Orthodox Church is particularly expressive of Orthodox Christianity in general and Orthodox piety in particular.

For in many ways the Transfiguration is the zenith of Jesus' earthly ministry: a powerful revelation both of who Christ is and of what God will do through him; an anticipation not only of the glory of the Resurrection but also of the end and purpose of all things. Yet today perhaps we are slowly recovering the significance of the Transfiguration. We are beginning to see that this is a vital story for understanding who we are, as well as who Christ, is. For the feast of the Transfiguration shows the destiny of all who are in union with Christ. It invites us to participate in the divine nature of God. As the great early Church theologian Athanasisus expressed it: 'God became (hu)man so that humans might become (like) God'. For we have often been brought up to believe that God and human beings are so radically different that we are entirely separate. But how can we participate in something which is entirely separate? Well, we can't, can we? But we are not separate from God. God in Jesus Christ is to our souls. We participate in God. We are illumined, lit up. We are transfigured. That is the truth and promise at the heart of Christian life.

Jesus climbs the mountain, the way to God. He meets Elijah and Moses, who represent the Law and the Prophets, which point to Christ as their fulfillment. He is enveloped by a cloud, representing the Holy Spirit, and, as at his baptism, the Father speaks, saying: 'This is my Son, the Beloved, listen to him!' The mystery of the Holy Trinity is thereby displayed, in the heart of which we see revealed the mystery of the person of Christ, both divine light and glorified humanity. Through this God both joins our humanity and raises it up, uniting us in Christ and fulfilling the purpose of our creation in Genesis. The greatest glory for us is the promise, and reality, of participation in God. That is the purpose of the presence of Peter, James and John, who represent, as archetypal disciples, all who share in Christ. For in them, Jesus is showing us the way up the mountain, the path to God. Just as he, as a human being, is transfigured, so we too, in participating in him, can be transformed into divinity. As Paul puts it, 'it is the God who said, "Let light shine out of darkness," who has shone in our hearts to give the light of the knowledge of the glory of God in the face of Jesus Christ.'

For the Transfiguration is not only an event. It is also a process: the process of what the Orthodox call deification, or, in Greek, theosis. It is the process by which humans become 'participants in the divine nature', as the second letter to Peter (2 Peter 1.4) puts it in our Bible. Yet it is right at the heart of the Christian experience: amply attested to in John's Gospel and St.Paul; widespread in the life, prayer and teaching of the early Church; everywhere in the continuous tradition of the Orthodox Church. For, without the experience of growing in God, of knowing God, Christianity becomes very dried up indeed. The process will be long and in parts very painful; but that is what we are in for. The Transfiguration story is full of symbols, rich in meaning. For it is an amazing story, full of religious insight and spiritual truth, and the more we become part of it, the more we are transformed by it. It is set in time, but it takes us beyond time: for it is a window into eternity. Through the light of Christ all things are transformed, so that all of creation will be transformed fully by the end of times.

On August 15th we will celebrate the Feast of the Dormition of the St. Mary. To prepare ourselves for the feast we will observe the 15 days fast that precedes it. As Orthodox Christian we observe many Lents with fasting, like three days Lent, Great Lent and Lent before Christmas. But most of times we observe them without knowing its purpose. There is a perception that we should fast when we want something, as though the act of fasting somehow appeases God and seeing us "suffer" gets Him to grant our request. Nothing can be further from the truth. It is not our fasting that pleases God, it is the fruits of our fast (provided we fast in the proper mind set, and do not merely diet) that please Him( Isaiah 58:1-12). We fast, not to get what we want, but to prepare ourselves to receive what God wants to give us. The purpose of fasting to bring us more in line with another Mary, the sister of Lazarus, and away from their sister Martha, who in the famous passage was "anxious and troubled about many things" (Lk.10:41), fasting is intended to bring us to the realization of "the one thing needful" (Lk.10:42). To help us put God first and our own desires second, if not last. As such, it serves to prepare us to be instruments of God's will, as with Moses in his flight from Egypt and on Mt. Sinai, as well as, our Lord's fast in the wilderness. Fasting turns us away from ourselves and toward God. In essence, it helps us become like the Theotokos, an obedient servant of God, who heard His word and kept it better than anyone else has or could. So why do we fast before Dormition? The Church, through this fast, gives us the opportunity to come to that deathbed and eulogize and entreat the woman who bore God, the vessel of our salvation and our chief advocate at His divine throne. Fasting, in its full sense (abstaining from food and desires) accomplishes this. In reflecting on her and her incomparable life, we see the model Christian life, embodying Christ's retort to the woman who stated that Mary was blessed because she bore Him, and stated instead, that those are blessed who hear His word and keep it (Lk.11:27-28). Mary did this better than anyone, she heard the word of God and kept it so well, that she of all women in history, was chosen to give birth to Him. So while we fast in contemplation of her life, we are simultaneously preparing ourselves to live a life of imitation of her.

# മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലിത്ത (1889-1980)

പുതുപ്പള്ളി വലിയപാറേട്ട് മാത്യു അച്ചാമ്മ ദമ്പതിമാരുടെ പുത്രൻ. 1889 ജനുവരി 19 ന് ജനിച്ചു. പഴയ സെമിനാരിയിലും, കൽക്കട്ട ബിഷപ്സ് കോളേജിലും വൈദിക വിദ്യാഭ്യാസം. 7-6-1899 ന് പുതുപ്പള്ളി വലിയ പള്ളിയിൽ വെച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് കോറൂയോ സ്ഥാനം നൽകി. 1908 മെയ് മാസം 17-ാം തീയതി യെരുശലേമിൽ വെച്ച് ഊർശ്ലേം പാത്രിയർക്കീസ് പൂർണ്ണശെമ്മാശ പട്ടം നൽകി. 1953 മെയ് മാസം 11-ാം ഗീവർഗീസ് ദ്വിതീയൻ ബാവ പഴയ സെമിനാരിയിൽ വെച്ച് റമ്പാൻ സ്ഥാനവും, 1953 മെയ് 15 ന് മാർ ഏലിയാ ചാപ്പലിൽ വെച്ച് ഈവാനിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനവും നൽകി. 1959 ജൂലൈ 12 ന് മെത്രാപ്പോലിത്താ സ്ഥാനവും നൽകി. കാതോലിക്കാ വാഴ്ച, ബഥനി മെത്രാച്ചന്റെ സഭാ ഭ്രംശം, സഭാ ഭരണഘടനയുടെ രൂപീകരണത്തിലെ പ്രതിസന്ധികൾ തുടങ്ങി സഭാചരിത്രത്തിലെ പല നിർണ്ണായക ഘട്ടങ്ങൾക്കും ഇദ്ദേഹം ദൃക്സാക്ഷിയും, പങ്കാളിയുമാണ്. പാമ്പാടിദയറാ ആസ്ഥാനമായി സഭാഭരണം നിർവഹിച്ചു. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവയുടെ സ്ഥാനാരോഹണത്തിൽ സീനിയർ മെത്രാപ്പോലിത്ത എന്ന നിലയിൽ മുഖ്യ നേതൃത്വം വഹിച്ചു. 1980 ൽ കാലം ചെയ്തു. പാമ്പാടി ദയറായിൽ കബറടക്കി. ആധുനിക കോട്ടയം ഭദ്രാസനത്തിന്റെ ശില്പിയായി ഇദ്ദേഹം അറിയപ്പെടുന്നു.

# അബ്ദേദ് മശിഹാ പാത്രിയർക്കിസ് (1854-1915)

തുർക്കിയിലെ കാലാത്ത് മാറായിൽ 1854 ൽ ജനിച്ച അബ്ദേദ് മശിഹാ 1866-ൽ കുർക്കുമ ദയറായിൽ ചേർന്ന് പഠനം തുടങ്ങി. 1873 ൽ സന്യാസിയും, 1875-ൽ വൈദികനുമായി. 1886 ൽ സിറിയയിലെ ബിഷപ്പായി. 1895-ൽ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ 1903 നവംബർ 10 ാം തീയതി പ്രാദേശിക ഭരണാധികാരികളുടെ വിലക്കിനെ തുടർന്ന് സ്ഥാനഭ്രഷ്ടനായി. അധികാരികളുടെ വിലക്കിനെ തുടർന്ന് അബ്ദേദ് മശിഹാ പല ദയറാകളിലും മാറി മാറി താമസിച്ചു. അദ്ദേഹത്തെ മിക്ക ദയറാകളും പാത്രിയർക്കീസായി സ്വീകരിച്ചു. ദയറാകളിൽ മാറി മാറി താമസിക്കുന്നതിനിടയിൽ നിസിബിസിനടുത്തുള്ള മാർ ഔഗേന്റെ ദയറായിൽ എത്തി. അവിടെ വച്ച് ഔഗേൻ റമ്പാനെ (പിന്നീട് ഔഗേൻ ബാവ) പരിചയപ്പെട്ടു. 1912 ജൂൺ 5 ന് അബ്ദേദ് മശിഹാ ബോംബയിൽ എത്തി. മലങ്കരയിൽ എത്തിയ അബ്ദേദ് മശിഹാ പാത്രിയർക്കീസ് 1912 സെപ്തംബർ 15 ന് നിരണത്തുവെച്ച് മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ മലങ്കരയിലെ പ്രഥമ കാതോലിക്ക, അഥവാ മഫ്രിയാന ആയിട്ട് വാഴിക്കുന്നതിൽ പ്രധാന കാർമ്മികത്വം വഹിച്ചു. 1913 മാർച്ച് 3-ാം തീയതി അദ്ദേഹം തിരികെപ്പോയി. 1915 ൽ കാലം ചെയ്തു. കുർക്കുമ ദയറായിൽ കബറടക്കി.

# അലക്സിയോസ് മാർ തേവോദോസ്യോസ് (1888–1965)

നിരണം മട്ടയ്ക്കൽ മത്തായി കുഞ്ഞാണ്ടമ്മ ദമ്പതിമാരുടെ പുത്രനായി 1888 ആഗസ്റ്റ് 28 ന് ജനിച്ചു. കോട്ടയം ചെറിയ പള്ളിയിൽ വെച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്ത ശെമ്മാശ പട്ടം നൽകി. 1918 ൽ പരുമല പള്ളിയിൽ വെച്ച് യുയാക്കിം മാർ ഈവാനിയോസ് കശ്ശീശാ പട്ടം നൽകി. 1920 ൽ ഫാ. പി. റ്റി. ഗീവർഗ്ഗീസുമായി ചേർന്ന് സന്യാസ വൃതം സ്വീകരിച്ച് ബഥനി ആശ്രമം സ്ഥാപിച്ചു. ബഥനി, മാർ ഈവാനിയോസ് കത്തോലിക്ക സഭയിൽ ചേർന്നപ്പോൾ ആബോ അലക്സിയോസ് 1930 ൽ ബഥനി ആശ്രമത്തിന്റെ അദ്ധ്യക്ഷനായി. 1938 ഏപ്രിൽ 7 ന് കർമ്മേൽ ദയറായിൽ വെച്ച് ഗീവർഗീസ് ദ്വിതീയൻ ബാവ മാർ തേവോദോസ്യോസ് എന്ന നാമത്തിൽ എപ്പിസ്കോപ്പയാക്കി കൊല്ലത്തിന്റെയും ബാഹ്യ കേരള ഭദ്രാസനത്തിന്റെയും ചുമതല നൽകി. 1941 ഏപ്രിൽ 8 ന് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ മെത്രാപ്പോലിത്തയാക്കി ഉയർത്തി.

മാർ ഈവാനിയോസിന്റെ സഭാഭ്രംശത്തെ തുടർന്ന് ബഥനി ആശ്രമത്തെ സുസംഘടിതമാക്കി പരിപോഷിപ്പിക്കുന്നതിനും പാത്രിയർക്കിസ് കക്ഷിയുടെ തത്വരഹിതമായ കപട സമാധാന ചർച്ചകളിൽ ചതിവുകൾ പറ്റാതെ തത്വാധിഷ്ഠിത സിദ്ധാന്തങ്ങളിൽ സഭയെ ചിട്ടപ്പെടുത്തുന്നതിലും ഇദ്ദേഹത്തിന്റെ പങ്കാളിത്തവും നേതൃത്വവും ശ്രദ്ധേയമായിരുന്നു. ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ നിന്നും സുധീരം ഇറങ്ങിപ്പോയ അദ്ദേഹം ഞാൻ പഴയ ചാണ്ടിയായിമാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലിത്ത ആയികഴിയുവാൻ ആഗ്രഹിക്കുന്നില്ല എന്ന് പ്രസ്താവിച്ചു. മലങ്കര സഭയെ ലോക സഭകൾക്ക് പരിചയപ്പെടുത്തുന്നതിലും എക്യുമിനിക്കൽ രംഗത്തേക്ക് ആരംഭ ഘട്ടത്തിൽ തന്നെ മലങ്കര സഭയെ പ്രവേശിപ്പിക്കുന്നതിലും നിർണ്ണായക പങ്ക് വഹിച്ചു. അഖില ലോകസഭാ കൗൺസിലിന്റെ കേന്ദ്ര കമ്മിറ്റി അംഗമായി ദീർഘകാലം പ്രവർത്തിച്ചു. 1965 ആഗസ്റ്റ് 6 ന് കൂടാരപ്പെരുന്നാൾ ദിനത്തിൽ കാലം ചെയ്തു. റാന്നി പെരുനാട് ബഥനി ആശ്രമം ചാപ്പലിൽ കബറടക്കി.

## ഓഗസ്റ്റ് 5
## കൂടാരപ്പെരുന്നാൾ

**7.00 PM സന്ധ്യാനമസ്കാരം**
**7.30 PM വി. കുർബ്ബാന**

---

## ഓഗസ്റ്റ് 14
## വി. ദൈവമാതാവിന്റെ വാങ്ങിപ്പ്പെരുന്നാൾ (ശൂനോയോ)

**7.00 PM സന്ധ്യാനമസ്കാരം**
**7.30 PM വി. കുർബ്ബാന, നേർച്ചവിളമ്പ്**

# ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലിത്ത

1926 ജൂൺ 18 ന് മുളക്കുളം പൂവത്തിങ്കൽ വർക്കി അന്നാമ്മ ദമ്പതിമാരുടെ മകനായി ജനിച്ചു. 1974 ഒക്ടോർ മാസം അദ്ദേഹത്തെ മെത്രാപ്പോലിത്ത സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1975 ഫെബ്രുവരി 12 ന് മെത്രാപ്പോലിത്തയായി വാഴിക്കപ്പെട്ടു.

കോട്ടയം ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലിത്തയായി നിയമിതനായ തിരുമേനി 1978 വരെ ആ ചുമതല വഹിച്ചു. 1976 മുതൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലിത്ത സ്ഥാനവും ഏറ്റവും ഭംഗിയായി നിർവഹിച്ചു. ജീർണ്ണാവസ്ഥയിലായിരുന്ന വെട്ടിക്കൽ ദയറാ പുനരുദ്ധാനം ചെയ്ത് അവിടെ തന്റെ ആസ്ഥാനം ആക്കി. 16 സ്ഥലങ്ങളിൽ കാതോലിക്കേറ്റ് സെന്ററുകൾ സ്ഥാപിച്ചു.

കാതോലിക്കയുടെയും, മലങ്കര മെത്രാപ്പോലിത്തയുടെയും അസിസ്റ്റന്റ്, സുന്നഹദോസ് സെക്രട്ടറി, സുന്നഹദോസ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, വർക്കിംഗ് കമ്മിറ്റി അംഗം തുടങ്ങി നിരവധി ചുമതലകൾ ഏറ്റവും ഭംഗിയായി നിർവഹിച്ചു.

തന്റെ അരുമ നാഥന്റെ അടുക്കലേക്ക് വിടവാങ്ങുന്നതുവരെ സഭയിൽ ഉടനീളം ഓടിനടന്ന് കഷ്ടപ്പെട്ട് ഏറെ ത്യാഗങ്ങൾ സഹിച്ച് പ്രവർത്തിച്ച പുണ്യാത്മാവായിരുന്നു അഭിവന്ദ്യ തിരുമേനി. പുണ്യപിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

# പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലിത്ത

കുറിച്ചി ഇടവകയിൽ പുത്തൻപുരയ്ക്കൽ കുടുംബത്തിൽ നെയ്ശ്ശേരിൽ കെ.കെ. ജോണിന്റെ പുത്രനായി 1946 ജനുവരി 26 ന് ജനിച്ചു. കേരള സർവ്വകലാശാലയിൽ നിന്നും എം. എ. യും, സെറാമ്പൂരിൽ നിന്നും ബി. ഡി. യും, ഇംഗ്ലണ്ട് ലീഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് സി. ആർ. ബിരുദവും നേടി.

ബഥനി ആശ്രമത്തിലെ അംഗം. 1974 ജനുവരി 8 ന് വൈദികനായി. സന്യാസ പ്രസ്ഥാനങ്ങളുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. പരുമലയിൽ 1992 സെപ്റ്റംബർ 10 ന് നടന്ന മലങ്കര അസോസിയേഷനിൽ മെത്രാപ്പോലിത്തയായി തെരഞ്ഞെടുക്കപ്പെട്ടു. 1992 ഡിസംബർ 19 ന് റമ്പാനായി. 1993 ആഗസ്റ്റ് 16 ന് മാർ പക്കോമിയോസ് എന്ന സ്ഥാനപ്പേരിൽ പരുമല സെമിനാരിയിൽ വെച്ച് മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ മെത്രാനായി വാഴിച്ചു. ഇടുക്കിയുടെ പൂർണ്ണ ചുമതലയും, അങ്കമാലിയുടെ സഹായ മെത്രാൻ സ്ഥാനവും നൽകി. മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലിത്ത ആയിരുന്നു. ബഥനിയുടെ വിസിറ്റർ ബിഷപ്പായി പ്രവർത്തിച്ചു. മർത്തമറിയം സമാജം പ്രസിഡന്റ്, കാതോലിക്കേറ്റ് & എം. ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ, വിദ്യാർത്ഥി പ്രസ്ഥാനം വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 2012 ആഗസ്റ്റ് 1 ന് കാലം ചെയ്തു. റാന്നി പെരുന്നാട് ബഥനി ആശ്രമത്തിൽ കബറടക്കി.

# വിശുദ്ധ മർത്തശ്മുനിയും, ഏഴ് മക്കളും അവരുടെ ഗുരുവായ മാർ ഏലിയാസറും

ബി.സി. 2 ാം നൂറ്റാണ്ടിൽ ജീവിച്ച് സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിമരണം വരിച്ച വിശുദ്ധരാണ് മർത്തശ്മുനിയും, ഏഴ് മക്കളും അവരുടെ ഗുരുവായ മാർ ഏലിയാസറും. ഗ്രീക്ക് സെലൂഡിഡ് രാജാവായ അന്ത്യോക്കസ് എപ്പിഫാനസ് ഇസ്രായേൽ ജനതയെ ആക്രമിക്കുകയും അടിമകളാക്കുകയും യരുശലേം ദേവാലയം നശിപ്പിക്കുകയും അവരുടെ ആരാധന സ്വാതന്ത്ര്യം ഹനിക്കുകയും ചെയ്തു. രാജാവിനെ ഇസ്രായേല്യർ ശക്തമായി എതിർത്തിരുന്നു. അനേകരെ രാജാവ് ക്രൂരമായി കൊന്നൊടുക്കി. അക്കൂട്ടത്തിൽ പ്രമുഖനായിരുന്നു പുരോഹിതനും ഗുരുവായ മാർ ഏലിയാസർ. സത്യ ദൈവവിശ്വാസം ഉപേക്ഷിക്കുന്നതിന് വിസമ്മതിച്ച അദ്ദേഹത്തെ രാജ ഭടൻമാർ ക്രൂരമായി കൊല ചെയ്തു. അതേപോലെ വിശുദ്ധ മർത്തശ്മുനിയെയും, ഏഴ് മക്കളെയും രാജ കല്പനപ്രകാരം ബന്ധിക്കുകയും സത്യ വിശ്വാസം ത്യജിക്കുന്നതിന് വിസമ്മതിച്ച ഏഴുമക്കളേയും മൂത്തതുമുതൽ ഇളയതുവരെയായി ഓരോരുത്തരെയും അതിനുശേഷം അമ്മയെയും ക്രൂരമായി വധിച്ചു.

മക്കാബിയരുടെ നേതൃത്വത്തിൽ അന്ത്യോക്കസ് എപ്പിഫാനസ് രാജാവിനെതിരായി പോരാടിയ യഹൂദ ജനതയ്ക്ക് സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ട ഈ അമ്മയും ഏഴുമക്കളും അവരുടെ ഗുരുവും വലിയ ഊർജ്ജവും പ്രചോദനവുമാണ് നൽകിയത്. യുദ്ധത്തിൽ അവർ വിജയിക്കുകയും സ്വാതന്ത്ര്യം നേടുകയും ചെയ്തു.

ആദിമ ക്രൈസ്തവർക്ക് പീഡകരെ അതിജീവിക്കുന്നതിൽ പ്രചോദനമായിരുന്നതിനാലാവണം ആദിമ സഭ വിശുദ്ധ മർത്തശ്മുനിയേയും, ഏഴ് മക്കളും അവരുടെ ഗുരുവായ മാർ ഏലിയാസറിനേയും വിശുദ്ധരായി ഗണിച്ച് അവരുടെ ഓർമ്മ ആചരിച്ചു വരുന്നു.



# ഓണസദ്യയും കലാമത്സരവും

**2015 സെപ്റ്റംബർ 18–ാം തീയതി ഇടവകയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ഓണാഘോഷ പരിപാടിയിലേക്ക് ഇടവകയിലെ എല്ലാവരേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.**

**for more details pls contact church office**

## HOLY SERVICES, PRAYERS & MEETINGS

| | | |
|---|---|---|
| Fridays | : 06.45 am - 07.25 am | Night Prayer, Morning Prayer |
| | : 08.15 am - 10.30 am | Holy Qurbana |
| Fridays | : 07.00 pm - 07.30 pm | Evening Prayer |
| | : 07.30 pm - 09.00 pm | Holy Qurbana |
| Sundays | : 07.30 pm - 08.00 pm | Evening Prayer |
| | : 08.00 pm - 09.30 pm | Holy Qurbana |
| Tuesdays | : 05.30 am - 07.00 am | Holy Qurbana |
| Wednesdays | : 07.30 pm - 08.30 pm | Evening Prayer & Intercessory Prayer for St. Mary |
| Saturday, Monday, Tuesday | : 07.00 pm - 07.30 pm | Evening Prayer |
| Thursdays | : 07.00 pm - 09.15 pm | Holy Confession, Evening Prayer |
| | | Intercessory prayer to St. Thomas |
| | | Church Prayer Meeting & Choir Practice |
| Marth Mariam Samajam | : 11.00 am - 12.20 pm | All Fridays |
| M.G.O.C.S.M | : 11.00 am - 12.20 pm | All Fridays |
| Youth Movement | : 11.00 am - 12.20 pm | All Fridays |
| Retreat | : 09.00 am - 12.30 pm | Every Month Second Wednesdays |

## SUNDAY SCHOOL

SUNDAY SCHOOL IS CLOSED FOR SUMMER VACATION

## ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT

Regular Meeting
VENAL SIBIRAM - August 17 & 24

**Divyabodhanam Class** - Every Monday 8 pm to 9.30 pm (To increase general awareness of the Bible, Church History & Basic Believes of the Malankara Orthodox Sabha.)
More Informations Contact: Biju Thankachan - 050-7387846

**OCYM Job Cell** - Highly active Job Cell that matches job seekers with employers from a wide range of sectors.
More Informations Contact: Manoj Thomas - 050-8829454

**Library** - Library opens every Friday after the holy mass. Morethan 10,000 collection of books in various topics. Especially the books available for children. Library membership will be available for all the church members.
Contact Mr. Abraham - 0552956071
Email : ocymdubai@gmail.com Website: www.stthomasocymdubai.org
Job Cell : jobcellocymdubai@gmail.com

## MGOCSM

Regular Meeting

## MOMS

Regular Meeting

# ഓഗസ്റ്റ്-പ്രധാന ദിവസങ്ങൾ

1 ശൂനോയോ (പതിനഞ്ചു) നോമ്പാരംഭം; രക്തസാക്ഷികളായ മർത്ത്ശ്മൂനിയുടെയും ഏഴുമക്കളുടെയും ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ.
പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 3–ാം ഓർമ്മ (റാന്നി പെരുനാട് ബഥനി ആശ്രമം).

2. പെന്തിക്കോസ്തിക്കു ശേഷം പത്താം ഞായറാഴ്ച

6. കൂടാരപ്പെരുനാൾ (കർത്താവിന്റെ മറുരൂപപ്പെരുന്നാൾ)
അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 50–ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം)

7. തെസലോനിക്യയിലെ വി. ദെമത്രിയോസിന്റെ ഓർമ്മ.

9. കൂടാരപ്പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച

12. മാർ അസസായേൽ സഹദായുടെ ഓർമ്മ.

14. മീഖാ നിബിയുടെ ഓർമ്മ.

15. വി. ദൈവമാതാവിന്റെ വാങ്ങിപ്പ് (ശൂനോയോ) പെരുനാൾ, പതിനഞ്ചു നോമ്പുവീടൽ, മർത്തമറിയം വനിതാ സമാജ ദിനം, അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 100–ാം ഓർമ്മ (കുർക്കുമാ ദയറാ)
കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുനാൾ.

16. വാങ്ങിപ്പിനുശേഷം ഒന്നാം ഞായർ
മാർ ഈവാനിയോസ് ഹിദായത്തുള്ളാ എപ്പിസ്കോപ്പായുടെ 322–ാം ഓർമ്മ (മുളന്തുരുത്തി പള്ളി).

19. സകല നിബിയന്മാരുടെയും ഓർമ്മ, മാർ ലാബി ശ്ലീഹായുടെ ഓർമ്മ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 24–ാം ഓർമ്മ. (മുളക്കുളം കർമ്മേൽകുന്ന് പള്ളി)

20. മാർ ശമുവേൽ നിബിയുടെ ഓർമ്മ.

23. വാങ്ങിപ്പിനു ശേഷം രണ്ടാം ഞായറാഴ്ച

24. മാർ മത്ഥിയാസ് ശ്ലീഹായുടെ ഓർമ്മ.

29. മാർ യൂഹാനോൻ മംദാനയുടെ ശിരഃഛേദത്തിന്റെ ഓർമ്മ.

30. വാങ്ങിപ്പിനുശേഷം മൂന്നാം ഞായറാഴ്ച.

31. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 35–ാം ഓർമ്മ (പാമ്പാടി മാർ കുറിയാക്കോസ് ദയറാ)

# M.G.O.C.S.M Summer Camp

## പ്രസക്ത ഭാഗങ്ങൾ







## New Members Joined In July 2015

| Cardex | Name | Area |
|---|---|---|
| A-376 | Alexander Tharakan | Al-quose |
| A-377 | Annamma Abraham | Deira |
| A-378 | Abraham Joseph | Al-Ghusais |
| A-379 | Abhilash Issac | Rashidiya/sonapur |
| A-380 | Arun Stephen | Al-Ghusais |
| B-357 | Bony Athnattil Samuel | Rashidiya/sonapur |
| D-078 | Deepak Thomas | Rashidiya/sonapur |
| E-045 | Eby George | Al Nadha Sharjah |
| G-277 | Geevarghese | Al-Ghusais |
| J-665 | Joseph Mathew | Al Nadha Sharjah |
| S-622 | Saji Polachira Varkey | Burdubai |
| S-623 | Shinju Thomas Philip | Al Nadha-Ghusais |
| S-624 | Shibu Koshy Samuel | Al-Ghusais |
| S-625 | Sony | Rashidiya/sonapur |
| T-305 | Thanush Varghese | Rashidiya/sonapur |
| T-306 | Tony Kurian Thomas | Other Emirates |
| V-283 | Varghese C.S. | Hor-Al-Anz |
| V-284 | Vino Babu Jacob | Rashidiya/sonapur |
| V-285 | Varghese T.G. | Port Sayed |




# KUDUMBASANGAMAM 2015

## AUGUST 18th - TUESDAY

**VENUE : ST. PETER'S & ST. PAUL'S ORTHODOX CHURCH (PARUMALAPALLY) AUDITORIUM - PARUMALA**

please register your name and contact details
for more details contact church office

# ഇടവക പെരുന്നാൾ

## പ്രസക്ത ഭാഗങ്ങൾ











# അത്തപ്പൂക്കളമത്സരം



2015 സെപ്റ്റംബർ 11–ാം തീയതി യുവജനപ്രസ്ഥനത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന അത്തപ്പൂക്കളമത്സരത്തിലേക്ക് എല്ലാവരേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

**for more details pls contact OCYM office**

Layout & Design - Reji Maramon AL HADYAH-SHJ

## CHURCH OFFICE BEARERS - 2015


| | | | |
|---|---|---|---|
| Rev. Fr. Shaji Mathews | *Vicar & President* | 052 8711031 | Frshajimathews@yahoo.co.in |
| Rev. Fr. Lany Chacko | *Asst. Vicar* | 050 8379905 | Frlanychacko@gmail.com |
| Kuriakose M.M. | *Trustee* | 050 4611948 | kuriakosechennikara@hotmail.com |
| Thomas Joseph | *Secretary* | 050 5537784 | fantasymetals@gmail.com |
| Binu Varghese | *Jt. Trustee* | 050 6749320 | binu1@hotmail.com |
| John P. George | *Jt. Secretary* | 050 6764733 | john_padippuram@yahoo.com |



**P.O. Box : 2563, Dubai - UAE Tel : 04-337 1122, Fax : 04-335 2252 Email : stthomas@emirates.net.ae**
**www.stthomascathedraldubai.org**